ഭരണഭാഷ – മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്

No.TRY/2443/2026-F4(379494) തിരുവനന്തപുരം,

20-06-2026

പ്രേഷകൻ

ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: ട്രഷറി വകുപ്പ്-CoreTSBയിൽ ഇടപാടുകാരുടെ KYC രേഖകളുടെ അപ്ഡേഷൻ നടപടികൾ പൂർത്തീകരിക്കുന്നത്–സംബന്ധിച്ച്.

സൂചന: അക്കൗണ്ടന്റ് ജനറലിന്റെ IFMS-KERALA പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് നമ്പർ 4/2025.

വിഷയത്തിലേക്ക് താങ്കളുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കുന്നതിന്റെയും ട്രഷറി സേവിംഗ്സ് ബാങ്ക് സിസ്റ്റത്തിന്റെ ഗുണനിലവാരവും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിന്റെയും ഭാഗമായി ട്രഷറികളിൽ കോർ ബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. ട്രഷറി ഇടപാടുകൾ കാര്യക്ഷമവും കൂടുതൽ സുരക്ഷിതവുമാക്കി മാറ്റുന്നതിനായി CoreTSB-യിലെ KYC അപ്ഡേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നിർദ്ദേശങ്ങൾ ഈ കാര്യാലയത്തിൽ നിന്നും ഇതിനോടകം തന്നെ എല്ലാ ട്രഷറി ഓഫീസർമാർക്കും നൽകിയിട്ടുള്ളതുമാണ്.

അക്കൗണ്ടന്റ് ജനറലിന്റെ IFMS കേരള പെർഫോമൻസ് ഓഡിറ്റ് നമ്പർ 4/2025 പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകാരുടെ KYC വിവരങ്ങൾ പൂർണ്ണമായും അപ്ഡേറ്റ് ചെയ്യപ്പെട്ടിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. അതോടൊപ്പം മേൽ വിവരങ്ങൾ സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നും നിർദ്ദേശിച്ചിരിക്കുകയാണ്.

ചില ട്രഷറികളിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള KYC-യിലെ വിവരങ്ങൾ പൂർണ്ണമായി CoreTSB-യിൽ അപ്ഡേറ്റ് ചെയ്യാത്ത കാരണത്താൽ **അക്കൗണ്ട്**

ഉടമയുടെ ഫോട്ടോയും ഒപ്പും പരിശോധിച്ച് ഉറപ്പു വരുത്തി കോർ ബാങ്കിങ് ചെക്കുകൾ പാസ്സാക്കി നൽകാൻ മറ്റ് ട്രഷറികൾക്ക് സാധിക്കാതെ വരുന്നതായും ഇത് പരാതികൾക്ക് കാരണമാവുന്നതായും ബോധ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എല്ലാ ട്രഷറികളും **CoreTSB**-യിൽ അപ്ഡേഷൻ നടത്തിയിട്ടുള്ള **KYC** വിവരങ്ങൾ വിശദമായി പരിശോധിക്കേണ്ടതും ഇടപാടുകാരുടെ വിവരങ്ങൾ പൂർണ്ണമായും അപ്ഡേറ്റ് ചെയ്തിട്ടില്ലാത്തവ **CoreTSB-യിലെ Customer >> KYC Report >> Pending KYC Details** എന്ന ഓപ്ഷൻ മുഖേന കണ്ടെത്തി അവയുടെ വിവരങ്ങൾ പൂർണ്ണമായും അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

ട്രഷറികളിൽ സൂക്ഷിച്ചിട്ടുള്ള **KYC** രേഖകൾ പൂർണ്ണമായും പരിശോധിക്കേണ്ടതും കൃത്യമായ **KYC** ഫോം ലഭ്യമാവാത്ത എല്ലാ അക്കൗണ്ട് ഉടമകളെയും ഇടപാടുകാരെയും കണ്ടെത്തി അവരിൽ നിന്നും പുതിയ **KYC** ഫോം ലഭ്യമാക്കി സൂക്ഷിക്കേണ്ടതും അവയിലെ വിവരങ്ങൾ **CoreTSB**-ൽ രേഖപ്പെടുത്തി **ഫോട്ടോയും, ഒപ്പും** കൃത്യതയോടെ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ ട്രഷറികളിൽ ലഭ്യമായ **KYC** ഫോം **Customer ID**-യുടെ ക്രമപ്രകാരം **sort** ചെയ്ത് സുരക്ഷിതമായി സൂക്ഷിക്കേണ്ടതുമാണ്.

എസ്.ബി പാസ്സിങ് ഓഫീസർമാരും/ട്രഷറി ഓഫീസർമാരും ഈ വിഷയത്തിന് അടിയന്തര പ്രാധാന്യം നൽകേണ്ടതാണ്. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ ട്രഷറി ഓഫീസർമാരും ആഭ്യന്തര പരിശോധനാ വേളകളിൽ മേൽ വിഷയം പ്രത്യേക പരിഗണന നൽകി പരിശോധിക്കേണ്ടതും പുരോഗതി ഉറപ്പുവരുത്തേണ്ടതും ആയത് ജില്ലാ ട്രഷറി ഓഫീസർമാരുടെ യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഉണ്ടാവുന്ന വീഴ്ച ഗൗരവമായി കാണുന്നതാണ്.

വിശ്വസ്തതയോടെ

Digitally signed by
SAJAN V
Date: 20-06-2026
14:08:51

**V SAJAN**

**DIRECTOR**

പകർപ്പ് :-

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും

Directorate of Treasuries, Pattom, Pattom Palace.P.O, Thiruvananthapuram, Kerala 695004
www.treasury.kerala.gov.in, Email: treasury@kerala.gov.in
Ph: 0471-2323963,2322712 , FAX:0471-2324229